**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. HARITHA V KUMAR)

വിഷയം: വനിതശിശുവികസന വകുപ്പ് -തലശ്ശേരി ആഫ്റ്റർ കെയർ ഹോം ഫോർ ബോയ്സ് – അനുവദനീയമായ തസ്തികകൾ വകുപ്പിന്റെ കേഡർ സ്ട്രങ്തിൽ ഉൾപ്പെടുത്തി കേഡർ സ്ട്രങ്ത് പുനർ നിർണ്ണയിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

പരാമർശം:
1) സ.ഉ.(കൈ) 24/2017/സാനീവ തീയതി : 30/06/2017
2) സ.ഉ (അച്ചടി) നമ്പർ 10/2019/സാനീവ തീയതി : 21/10/2019
3) 09/08/2019 ലെ വനിത ശിശുവികസന ഡയറക്ടറുടെ WCD/E3(1)-23353/19 നം. ഉത്തരവ്
4) സ.ഉ(സാധാ)നം.567/2020/സാനീവ തീയതി : 15.102020

**ഉത്തരവ് നം. DWCD/5674/2024-E8തീയതി: 07-10-2024**

സാമൂഹ്യ നീതി വകുപ്പ് വിഭജിച്ച് വനിത ശിശുവികസന വകുപ്പ് രൂപീകരിക്കുകയും വിഷയാടിസ്ഥാനത്തിൽ ഇരു വകുപ്പുകളിലുമായി ക്ഷേമസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ആഫീസുകൾ ക്രമീകരിച്ച് കൊണ്ട് പരാമർശം (1) (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി പ്രസ്തുത ഉത്തരവുകൾ പ്രകാരം കോഴിക്കോട്, കൊല്ലം എന്നിവിടങ്ങളിലെ ആഫ്റ്റർ കെയർ ഹോമുകൾ (ഗേൾസ്) വനിതശിശുവികസന വകുപ്പിലും തലശ്ശേരി ആഫ്റ്റർ കെയർ ഹോം ഫോർ ബോയ്സ് സാമൂഹ്യനീതി വകുപ്പിലും ഉൾപ്പെടുത്തിയിരുന്നു.

ആഫ്റ്റർ കെയർ ഹോം എന്ന സ്ഥാപനവും അതിലെ താമസക്കാരുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ജെ.ജെ. ആക്ട്, ജെ.ജെ റൂൾസ് എന്നിവയുടെ പരിധിയിൽ വരുന്നതാണെന്നും ടി ആക്ടും റൂൾസും സംസ്ഥാനത്ത് നടപ്പിലാക്കുന്നത് വനിതശിശുവികസന വകുപ്പും അതിനുള്ള ഭരണ സംവിധാനം ഒരുക്കുന്നത് വകുപ്പിന് കീഴിലുള്ള ICPS യൂണിറ്റാണെന്നും സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതും ICPS ൽ നിന്നും തന്നെയാണെന്ന് വനിതശിശുവികസന വകുപ്പ് ഡയറക്ടർ സർക്കാരിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം വകുപ്പ് വിഭജന സമയത്ത് ഉണ്ടായ അപാകത പരിഹരിച്ച് തലശ്ശേരി ആഫ്റ്റർ കെയർ ഹോം ഫോർ ബോയ്സ് എന്ന സ്ഥാപനത്തെ സാമൂഹ്യ നീതി വകുപ്പിൽ നിന്നും വനിതശിശുവികസന വകുപ്പിലേയ്ക്ക് മാറ്റി ഉത്തരവായിരുന്നു.

എന്നാൽ പരാമർശം (2) (3) പ്രകാരം വനിത ശിശുവികസന വകുപ്പിന്റെ കേഡർ സ്ട്രങ്ത് നിശ്ചയിച്ച് ഉത്തരവായപ്പോൾ തലശ്ശേരി ആഫ്റ്റർ കെയർ ഹോം ഫോർ ബോയ്സ് എന്ന സ്ഥാപനത്തിലെ അനുവദനീയമായ 4 തസ്തികകൾ വകുപ്പിന്റെ കേഡർ സ്ട്രങ്തിൽ ഉൾപ്പെട്ടിരുന്നില്ല. .ആയതിനാൽ തലശ്ശേരി ആഫ്റ്റർ കെയർ ഹോം ഫോർ ബോയ്സ് എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 (1), ഓഫീസ് അറ്റൻഡന്റ് (1), കുക്ക് (1), വാച്ച് മാൻ (1) എന്നീ തസ്തികകൾ കൂടി ഉൾപ്പെടുത്തി വകുപ്പിന്റെ കേഡർ സ്ട്രങ്ത് ചുവടെ ചേർക്കും പ്രകാരം പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

| | | നിലവിലുള്ള | പുതുക്കി നിശ്ചയിച്ച |
|---|---|---|---|

| ക്രമനം | തസ്തിക | കേഡർ സ്ട്രങ്ത് | കേഡർ സ്ട്രങ്ത് |
|---|---|---|---|
| 1 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 | 10 | 11 |
| 2 | ഓഫീസ് അറ്റന്ഡന്റ് | 335 | 336 |
| 3 | കുക്ക് | 31 | 32 |
| 4 | വാച്ച്മാൻ | 11 | 12 |

പരാമർശം (2)(3) പ്രകാരം നിശ്ചയിച്ചിട്ടുള്ള വകുപ്പിന്റെ കേഡർ സ്ട്രങ്ത് മേൽ പട്ടികയിൽ സൂചിപ്പിച്ച 4 തസ്തികകൾ കൂടി ഉൾപ്പെടുത്തി 3289 ആയി നിജപ്പെടുത്തുന്നു.

HARITHA V KUMAR, IAS
വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് : 1) സൂപ്രണ്ട് ആഫ്റ്റർ കെയർ ഹോം തലശ്ശേരി
2) സൂപ്രണ്ട് ഐടി സെല് (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
3) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്